
● അഭിമുഖം



# ഇനിയും മുറിവിൽ ഉപ്പുതേയ്ക്കണോ?

**ഷീബ അമീർ**

ടെലിഫോണിലൂടെ സമ്മതം വാങ്ങി ഞങ്ങൾ പ്രൊഫ. ഈച്ചരവാരിയരുമായി സംസാരിക്കാൻ ചെന്നപ്പോൾ ചിരിച്ച മുഖവുമായി വാതിൽ തുറന്ന് തന്നത് പേരക്കുട്ടി സബിതയാണ്. മുറിയിലെ ചാരുകസേരയിൽ വെള്ള മുണ്ടും വെള്ള അരക്കൈയ്യൻ ബനിയനും ധരിച്ച് നരച്ച കുറ്റിത്താടിയും കട്ടിയുള്ള വെളുത്ത പുരികവുമായി ദുഃഖം ഉറഞ്ഞുകൂടിയ മഞ്ഞുകട്ടിപോലെ പ്രൊഫ. ഈച്ചരവാരിയർ. തല്ലിക്കെടുത്തിയ തിരിനാളത്തിൽ നിന്നും ഉയർന്നുപൊങ്ങിയ കരിപുകയാൽ ചുവരിൽ വരയ്ക്കപ്പെട്ട ചിത്രം പോലെ രാജന്റെ ഫോട്ടോ.



വീണ്ടും മുറിവിൽ ഉപ്പും മുളകും പുരട്ടുന്ന തരത്തിൽ വാചകകസർത്തു നടത്തുന്ന രാഷ്ട്രീയക്കാരുടെ ചെയ്തികളോർത്ത് ടി.വി.യ്ക്കഭിമുഖമായി ചാരുകസേരയിൽ 'ഇന്ത്യാവിഷനി' ലെ ന്യൂസിനുവേണ്ടി കാത്തിരിയ്ക്കുകയായിരുന്നു അദ്ദേഹം. ഞങ്ങളോട് സമ്മതം വാങ്ങി വാർത്തകേട്ടു. പത്മജ വേണുഗോപാലിന് നോട്ടീസ് അയച്ചതിനെക്കുറിച്ച് പ്രധാന വാർത്തകളിൽ തന്നെ കണ്ടു. അത് കാണുന്ന നിമിഷങ്ങളിൽ ആ മനസ്സിൽ വിചാരങ്ങൾ കൊടുങ്കാറ്റുണ്ടാക്കുന്നുണ്ടായിരിയ്ക്കാം. പിന്നെ ടി.വി. ഓഫാക്കി ഞങ്ങളോട് സംസാരിച്ചു.

സംസാരത്തിനിടെ ചില സന്ദർഭങ്ങളിൽ ഉള്ളിൽ വിതുമ്പുന്നത് ഞങ്ങൾ അറിഞ്ഞു. മനസ്സിലലയടിച്ച സങ്കടങ്ങൾ കണ്ണുനീരായ് പൊടിഞ്ഞു.

***പത്മജാ വേണുഗോപാലിന്റെ പ്രസ്താവനകൾ അങ്ങയെ വല്ലാതെ മുറിപ്പെടുത്തിയിരിക്കും അല്ലേ?***

എന്നേയും എന്റെ കുട്ടികളേയും സംബന്ധിച്ച് അവരുടെ പ്രസ്താവനകളും പരാമർശങ്ങളും അങ്ങേയറ്റം വേദനാജനകമായിരുന്നു. അതിന് എങ്ങിനേയും അവർ പരിഹാരം കാണണം. ഞാൻ കുറേ കേസും കോടതിയുമായി നടന്നു. കരുണാകരനും കുറേ നടന്നു. ഇനി ഇപ്പോൾ മകൾ നടത്തിയ്ക്കാം എന്ന് വിചാരിയ്ക്കയാവും.

***പത്മജ വേണുഗോപാൽ ക്ഷമാപണം നടത്തിയില്ലേ ?***

അവർ നേരിട്ടൊന്നും ക്ഷമാപണം നടത്തിയിട്ടില്ല.

***പണ്ട് 1977 ൽ കരുണാകരൻ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇതേ വാക്കുകൾ ഉപയോഗിക്കുകയുണ്ടായില്ലേ. അത് ഇപ്പോൾ മകളും ആവർത്തിക്കുകയല്ലേ ചെയ്തത്. അങ്ങിനെ നോക്കുമ്പോൾ പണ്ടത്തെ മുറിവിന് ഉപ്പ് പുരട്ടൽ കൂടിയല്ലേ അവർ നടത്തിയത് ? അറിവില്ലായ്മ കൊണ്ടുള്ള ജല്പനങ്ങളായി ഇതിനെ***

(പേജ് 10-ൽ തുടർച്ച)

# ഇനിയും മുറിവിൽ ഉപ്പുതേയ്ക്കണോ?

(പേജ് 1-ൽ നിന്ന് തുടർച്ച)

**കാണാൻ കഴിയുമോ ?**

ആദ്യം ഞാനും ഇത്ര ഗൗരവമാക്കിയില്ല. പിന്നെ രണ്ടാമത്തെ പ്രാവശ്യം അവർ ഇന്ത്യാവിഷനിൽ കിടന്ന് തുള്ളുകയായിരുന്നു. ഇതിനെ അങ്ങനെ വിട്ടുകളഞ്ഞാൽ ഇനിയുമിനിയും അവർ ഇത് ആവർത്തിക്കും. വിഷമുള്ള ഇനമാണ്. പിന്നെ ടി.വി. യിൽ ആകുമ്പോൾ കേരളവും ഇന്ത്യയും മാത്രമല്ല ലോകം മുഴുവൻ കാണുകയല്ലേ.

കോൺഗ്രസ്സുകാർക്ക് അടിയന്തിരാവസ്ഥയുടെ മധുരം തികട്ടി വരികയാണ്. അടിയന്തിരാവസ്ഥക്കാലത്തുണ്ടായ കാര്യങ്ങൾ ഒക്കെ നുണയാണ് എന്നാണ് അവർ പറഞ്ഞ് ഫലിപ്പിയ്ക്കുക. അടിയന്തിരാവസ്ഥക്കാലത്ത് കഷ്ടത അനുഭവിച്ചവർ ധാരാളമുണ്ട്. അങ്ങിനെ ദുരിതമനുഭവിച്ചവരെ എല്ലാം ചേർത്ത് അക്കാലത്ത് ഞാൻ ഒരു ജാഥ നയിച്ചു. കാസർകോട്ട് നിന്നും തുടങ്ങി.


**അന്ന് മുഖ്യമന്ത്രിയായിരുന്ന സി. അച്ചുതമേനോനും ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണാകരനും താങ്കൾക്കുവേണ്ടി ഒന്നും ചെയ്തില്ല. പിന്നീട് എ.കെ. ആന്റണിയും, പബ്ലിക് പ്രോസിക്യൂട്ടർക്ക് പകരം ഒരു വക്കീലിനെ വയ്ക്കാനുള്ള അപേക്ഷ സ്വീകരിച്ചില്ല. ഇപ്പോഴും ഫലത്തിൽ അതിൽ രണ്ടു പേരും മുൻപന്തിയിൽ തന്നെ കേരള രാഷ്ട്രീയത്തിൽ ഉണ്ടല്ലോ. ഇവിടെ ഇനിയും ഇത്തരം കാര്യങ്ങൾ ആവർത്തിയ്ക്കപ്പെടുകയില്ലേ ?**

ഈ മൂന്നു മുഖ്യമന്ത്രിമാരുടെ കീഴിലും കേരളം ഉണ്ടായിട്ടുണ്ട്. അവർക്ക് ഒട്ടുമിക്ക കാര്യങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ട്. പക്ഷേ രാജനെ എന്ത് ചെയ്തു, എവിടെയാണ് എന്ന കാര്യം പുറത്ത് വിടാതിരിയ്ക്കണം എന്നതിൽ അവർക്ക് ഒരേ അഭിപ്രായമേ ഉണ്ടായിട്ടുള്ളൂ.

**സി. അച്ചുതമേനോൻ താങ്കൾക്ക് വളരെ അടുപ്പമുണ്ടായിരുന്ന ആളായിരുന്നിട്ടും അദ്ദേഹം ഒന്നും ചെയ്തില്ല എന്നത് താങ്കളെ ഏറെ അലട്ടിയ പ്രശ്നമായിരുന്നല്ലോ ... മുഖ്യമന്ത്രിയായിരുന്നിട്ട് തന്റെ കീഴിലുള്ള ഒരു ആളോട്, പോലീസ് കസ്റ്റഡിയിലെടുത്ത ഒരാളെവിടെയാണെന്ന് അന്വേഷിച്ച് പറയാൻ സാധിക്കാതെ പോയി. അത്തരം ഒരു സ്ഥിതിവിശേഷത്തിന് കാരണം കൂട്ടുമന്ത്രിസഭയായിരുന്നു എന്നതാണ്. രണ്ട് പ്രമുഖരായ രാഷ്ട്രീയ നേതാക്കൾ, അവരുടെ അധികാരത്തിൽ അന്യോന്യം ഇടപെടാനുള്ള വൈമുഖ്യം കാണിച്ചു. അതാണ് സംഭവിച്ചത്. കൂട്ടുമന്ത്രിസഭകൾക്ക് ഈ ഒരു പരിമിതി വരുന്നുണ്ടല്ലോ. അതൊക്കെ തന്നെയല്ലേ ഇവിടെ ആവർത്തിക്കാൻ പോകുന്നത് ?**

അന്ന് സി.പി.ഐ. അധികാരത്തിൽ വന്നത് കോൺഗ്രസ്സിന്റെ ബലത്തിലാണ്. അദ്ദേഹത്തെക്കൊണ്ട് പാർട്ടി ചെയ്യിച്ചതാണ്. അദ്ദേഹം കോൺഗ്രസ്സുകാരുടെ കളിപ്പാവയിരുന്നു. അദ്ദേഹത്തിന്റെ ഈ കയ്യൊഴിയൽ എന്നിൽ വല്ലാത്ത വേദനയുണ്ടാക്കിയിരുന്നു. പണ്ട് അദ്ദേഹത്തെ ഒളിവിൽ പാർപ്പിയ്ക്കാൻ എന്റെ അനിയനെക്കൂട്ടിയാണ് ഞാൻ അയച്ചത്. എന്റെ അനിയനെന്തെങ്കിലും വന്നാൽ തന്നെയും അദ്ദേഹത്തിന് ഒന്നും സംഭവിയ്ക്കരുത് എന്ന് ഞാൻ വിചാരിച്ചിരുന്നു. രണ്ടാമത്തെ തവണ, ഈ കേസിനുവേണ്ടി പോയപ്പോൾ അദ്ദേഹത്തിന്റെ പെരുമാറ്റം എന്നെ വല്ലാതെ വേദനിപ്പിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തോട് സഹായം ചോദിച്ചില്ല.

**ഇത്ര വേദന സഹിച്ചും താങ്കൾ ഒരു ജന്മം മുഴുവൻ പോരാടി. എന്നിട്ടും ഇപ്പോഴും സ്ഥിതിയ്ക്ക് വല്ല മാറ്റവും വന്നിട്ടുണ്ടോ. ഇപ്പോഴും ഏതൊരാളെയും സംശയാസ്പദമായി അറസ്റ്റ് ചെയ്യാം. കോടതിയിൽ ഹാജരാക്കും മുൻപ് മരണം സംഭവിയ്ക്കാം. കോടതിയിൽ ഹാജരാക്കും വരെ മർദ്ദനവും, കുറ്റം തെളിയിയ്ക്കലും നിർത്തിവെയ്ക്കയാണ് വേണ്ടത്. പക്ഷേ നീതിന്യായവ്യവസ്ഥയിൽ ഇതൊക്കെ തന്നെയല്ലേ ഇപ്പോഴും നടക്കുന്നത് ?**



ഒരു പൗരനെ പോലീസ് കസ്റ്റഡിയിൽ എടുത്താൽ അയാളോട് പെരുമാറേണ്ട പെരുമാറ്റച്ചട്ടങ്ങൾക്ക് 18 ഓളം നിബന്ധനകളുണ്ട്. ഇതൊന്നും പലർക്കും അറിയുകതന്നെയില്ല. അതിനെക്കുറിച്ചൊക്കെ ജനങ്ങളെ ബോധവാന്മാരാക്കണം. നിയമങ്ങൾ ജനങ്ങൾ അറിഞ്ഞാലേ അധികാരികൾ അത് ലംഘിയ്ക്കുന്നതോ, ദുർവിനിയോഗം ചെയ്യുന്നതോ മനസ്സിലാക്കാൻ കഴിയൂ.

**ചെറുപ്പത്തിൽ അച്ഛൻ പറഞ്ഞിരുന്നത് മനസ്സിൽ കിടന്നിരുന്നത് ഒരു നിമിഷം അറിയാതെ പുറത്ത് വന്നതായിരിയ്ക്കാം പത്മജയുടെ വാക്കുകൾ. ഒരു കാലത്ത് ഒരു സമൂഹത്തെ, ഒരു ജനതയെ മുഴുവൻ വേദനിപ്പിച്ച ഒരു സംഭവം, ഇനി രാഷ്ട്രീയത്തിന്റെ തുഞ്ചത്ത് വരാൻ തയ്യാറെടുക്കുന്നവർക്ക് അറിയാതെയാണെങ്കിൽ അവരുടെ രാഷ്ട്രീയ ഭാവിയും നമ്മൾ ജനങ്ങളുടെ ഭാവിയും എന്തായിരിയ്ക്കും ?**

പത്മജയും മുരളിയും തോറ്റാൽ അതോടെ കരുണാകരന്റെ രാഷ്ട്രീയ ജീവിതം അവസാനിയ്ക്കും. കരുണാകരൻ വോട്ടുപിടിയ്ക്കാൻ മിടുക്കനാണ്.

തിരഞ്ഞെടുപ്പിന് മുൻപ് അവർ ക്ഷമപറഞ്ഞ് വരും എന്നാണ് എന്റെ പ്രതീക്ഷ. അല്ലെങ്കിൽ അവർക്ക് പരാജയമായിരിക്കും ഫലം. ക്ഷമപറഞ്ഞുവന്നാൽ കേസ് പിൻവലിയ്ക്കാം.

**ഒരു കാലത്ത് താങ്കൾ ഈ സമരത്തിൽ ഏർപ്പെട്ടപ്പോൾ സമൂഹം താങ്കൾക്ക് ഒപ്പമുണ്ടായതായി അനുഭവപ്പെട്ടിരുന്നോ ? അന്നും ഇത്തരം ഉറക്കച്ചടവുള്ള ഒരു സമൂഹമായിരുന്നോ ?**

ഓരോരുത്തർക്കും ഓരോ പരിമിതികളും പാരമ്പര്യങ്ങളും അല്ലേ. അതിന്റെ കുറവുകൾ ഒക്കെ ഉണ്ടായിട്ടുണ്ടാവും. മാർക്സിസ്റ്റ് പാർട്ടി എപ്പോഴും എന്നെ സഹായിച്ചു. ഇപ്പോഴും അവർ അത് ചെയ്യും. പിന്നെ പലരും ഒപ്പം നിന്നിട്ടുണ്ട്. എനിയ്ക്ക് ഒപ്പം നിന്നവരെക്കുറിച്ച് മാത്രമേ പറയാനുള്ളൂ. ഒപ്പം നില്ക്കാത്തവരെക്കുറിച്ച് എനിയ്ക്ക് ഒരു പരാതിയും പരിഭവവും ഇല്ല.

അഡ്വ. രാംകുമാർ ആണ് കേസ് നോക്കുന്നത്. അന്നുമുതൽ ഒപ്പമുള്ളയാളാണ്. ഇപ്പോൾ കേസിന് സഹായിയ്ക്കാൻ അഡ്വ. പ്രസാദ് ഉണ്ട്. ഒരുപാട് ആയി, തളർന്നു, വയ്യാതായി. വയസ്സ് 83 ആയി. ഇനിയും .....മരിച്ചാൽ മതി എന്നായിരിയ്ക്കുന്നു.

**ഇത് പറഞ്ഞവസാനിപ്പിക്കുമ്പോൾ ഞാൻ ചോദിച്ചു. "ഇതിന് തുടർച്ചയായി ഈ സമൂഹം എന്ത് ചെയ്യണം?"**

ഇത് ഓർത്ത് കൊണ്ട് സമരം തുടർന്നു കൊണ്ട് പോകണം.

•••

ഒരു ചോദ്യംകൂടി നാവിൽ വന്നു. മാർക്സിസ്റ്റുകാരുടെ ഭരണകാലത്ത് അവർ എന്തെങ്കിലും ചെയ്തോ എന്ന്. കാലങ്ങളായി ഉള്ള അദ്ദേഹത്തിന്റെ വിശ്വാസത്തെ മുറിവേല്പ്പിക്കണ്ട എന്ന് കരുതി ആ ചോദ്യം നാവിൽ നിന്നും പുറത്തുവന്നില്ല.

ചുളിവു വീണ കൈയ്യിൽ തൊട്ട് യാത്ര പറഞ്ഞപ്പോൾ ഞാൻ കൂട്ടിച്ചേർത്തു-ഞങ്ങളും ഒപ്പമുണ്ട്.